**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1790** **29-09-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു കുടക്കീഴിലാക്കി സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ രൂപീകരിക്കാൻ ഇടയായതിന്റെ സാഹചര്യം വിശദമാക്കാമോ; | (എ) | അക്കാദമിക നിലവാരം ഉറപ്പുവരുത്തി ദേശീയ ഏജൻസികളായ NAAC, NIRF എന്നീ ഏജൻസികളിൽ നിന്നും സംസ്ഥാന ഏജൻസിയായ KIRF പോലുള്ളവയിൽ നിന്നും മറ്റ് ദേശീയ അന്തർദേശീയ ഏജൻസികളിൽ നിന്നും മെച്ചപ്പെട്ട അക്രഡിറ്റേഷൻ ഗ്രേഡുകളും റാങ്കുകളും നേടുന്നതിന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകുന്നതിനും അവയെ പ്രാപ്തമാക്കുന്നതിനും സാധിക്കുന്ന തരത്തിൽ IQAC കളെ ശാക്തീകരിക്കുന്നതിനും ആണ് സ്ഥാപനങ്ങളെ ഒരു കുടക്കീഴിലാക്കി സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ (SLQAC) രൂപീകരിച്ചത്. |
| (ബി) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷനും അംഗീകാരങ്ങളും നേടിയെടുക്കുന്നതിന് പ്രസ്തുത സെല്ലിന്റെ രൂപീകരണം എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളസർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ക്വാളിറ്റി അസെസ്മെന്റ്, അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ (SLQAC) കേരളയുടെ ലക്ഷ്യം.<br><br>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷനും അംഗീകാരവും നേടിയെടുക്കുന്നതിനായി NAAC, NIRF, KIRF മറ്റ് ഏജൻസികൾ എന്നിവയുടെ മാനദണ്ഡങ്ങൾ പ്രകാരം വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കി മാർഗനിർദേശങ്ങൾ പാലിച്ച് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് അതാത് സ്ഥാപനങ്ങളിലെ IQAC-കളാണ്. IQAC-കളുടെ ചുമതലയുള്ള അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാനും, അവരെ പ്രോത്സാഹിപ്പിക്കാനും സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ ഹെൽപ്ഡെസ്ക് പോലെ പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടെ പൂൾ രൂപീകരിച്ച് അവരെ |

| | | | |
|---|---|---|---|
| | | | സഹായിക്കാനും പരിശീലനങ്ങൾ നൽകാനും വിവിധ തരത്തിലുള്ള പരിപാടികളാണ് SLQAC ആവിഷ്കരിച്ചിട്ടുള്ളത്. ഇതുവരെ അക്രഡിറ്റേഷൻ നേടിയിട്ടില്ലാത്ത സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് പ്രത്യേക പരിശീലനങ്ങൾ നൽകി, എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും അക്രഡിറ്റഡ് ആക്കുക എന്ന ലക്ഷ്യത്തിലേക്ക് നീങ്ങാനുള്ള പ്രവർത്തനമാണ് എസ്.എൽ.ക്യൂ.എ.സി വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ഏതെല്ലാം സ്ഥാപനങ്ങളാണ് സെല്ലിനു കീഴിൽ വരുന്നതെന്നും സെൽ മുഖേന എന്തെല്ലാം കാര്യങ്ങളാണ് ഏകോപിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | സർവകലാശാലകൾ, സർക്കാർ, എയിഡഡ്, അൺഎയിഡഡ് ആർട്സ് & സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ടീച്ചർ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങി ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന ഏജൻസികൾ നടത്തുന്ന എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് എസ്.എൽ.ക്യൂ.എ.സി-കേരള നിർവ്വഹിക്കുന്നത്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | NAAC പോലുള്ള ദേശീയ ഏജൻസികൾക്കൊപ്പവും , അന്തർദേശീയ തലങ്ങളിലും ഉന്നതവിദ്യാഭ്യാസ അസെസ്സ്മെന്റ്, അക്രഡിറ്റേഷൻ, റേറ്റിങ്ങ് പ്രവർത്തനങ്ങളിലേർപ്പെട്ടുവരുന്ന ഏജൻസികളുമായി സഹകരിച്ച് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇക്കാര്യങ്ങളിൽ പരിചയസമ്പന്നത ഉണ്ടാക്കിയെടുക്കുന്നതിനുള്ള പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുക എന്നതാണ് എസ്.എൽ.ക്യൂ.എ.സി-കേരളയുടെ പ്രവർത്തനലക്ഷ്യങ്ങളിലുള്ളത്. |

സെക്ഷൻ ഓഫീസർ